"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് സുരക്ഷിതമായി ജോലി ചെയ്യുന്നതിനും ജലജന്യ പകർച്ചവ്യാധികളിൽ നിന്നും സംരക്ഷണം നൽകുന്നതിനും ഗംബൂട്ട്, കൈയ്യുറ എന്നിവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.492/2024/LSGD തീയതി,തിരുവനന്തപുരം, 01-03-2024

---

പരാമർശം:- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 21.07.2023, 02.12.2023 തീയതികളിലെ എൻ.ആർ.ഇ.ജി.എ./858/2023/-ഡി2 നമ്പർ കത്തുകൾ.

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ വ്യാപകമായി ഏറ്റെടുക്കുന്ന ജലസംരക്ഷണ പദ്ധതികളുടെ ഭാഗമായുള്ള പ്രവൃത്തികളിലും മറ്റും ഏർപ്പെടുന്ന തൊഴിലാളികൾക്ക് എലിപ്പനി പോലെയുള്ള ജലജന്യ പകർച്ചവ്യാധികൾ ബാധിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള അപകടകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ടി വരുന്ന തൊഴിലാളികൾക്ക് സുരക്ഷിതമായി ജോലി ചെയ്യുന്നതിന് ഗംബൂട്ട്, കൈയ്യുറ തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കേണ്ടത് ആവശ്യമാണെങ്കിലും ഇവ വാങ്ങുന്നതിന് ഏത് ഫണ്ട് വിനിയോഗിക്കണം എന്നത് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നുണ്ടെന്നും, ആയതിനാൽ, വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഒരു ഗ്രാമപഞ്ചായത്തിൽ പരമാവധി 40 ജോടി ഗംബൂട്ടും 80 ജോടി കൈയ്യുറയും വീതം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വാങ്ങാൻ സർക്കാർ അനുമതി നൽകണമെന്നും മിഷൻ ഡയറക്ടർ പരാമർശ കത്തുകൾ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ജലസംരക്ഷണ പദ്ധതികളുടെ ഭാഗമായുള്ള പ്രവൃത്തികളിലും മറ്റും ഏർപ്പെടുന്ന തൊഴിലാളികളുടെ സുരക്ഷാ ഉപകരണങ്ങളായി ഓരോ ഗ്രാമ പഞ്ചായത്തുകൾക്കും അവരുടെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പരമാവധി 40 ജോടി ഗംബൂട്ടും 80 ജോടി കൈയ്യുറയും വാങ്ങാൻ അനുമതി നൽകിക്കൊണ്ടും ആയത് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ഉത്തരവാകുന്നു;

1.തൊഴിലുറപ്പ് തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ് എന്നതിനാൽ ഗംബൂട്ട്, കൈയ്യുറ എന്നിവ വാങ്ങാൻ ആവശ്യമായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

2.ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ തനത് ഫണ്ട് വിനിയോഗിച്ചോ സംസ്ഥാനമിഷന്റെ മുൻകൂർ അനുമതിയോടെ പദ്ധതിയുടെ

ഭരണച്ചെലവിൽ നിന്നോ തുക ചെലവഴിക്കാവുന്നതാണ്.

3.ഈയിനത്തിൽ ചെലവഴിക്കാവുന്ന തുക, ഗ്രാമ പഞ്ചായത്തുകൾക്ക് പ്രതിവർഷം പരമാവധി 75,000/- രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 1,50,000/- രൂപയും ആയി നിജപ്പെടുത്തുന്നു.

4.ഇപ്രകാരം വാങ്ങുന്ന സാധനസാമഗ്രികൾ പഞ്ചായത്ത് അക്രഡിറ്റഡ് എഞ്ചിനീയറുടെ പക്കൽ സൂക്ഷിച്ച് തൊഴിലുറപ്പ് പ്രവൃത്തികൾക്ക് ആവശ്യാനുസരണം നൽകുന്നതിനും പുനരുപയോഗത്തിനുതകും വിധം ആയതു കഴുകി വൃത്തിയാക്കി പഞ്ചായത്തിൽ സൂക്ഷിച്ച് തുടർന്നും തൊഴിലുറപ്പ് പ്രവൃത്തികൾക്ക് നൽകുന്നതിനും പദ്ധതിയുടെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
എല്ലാ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ചെയർമാൻ, ഓംബുഡ്സ്മാൻ അപ്പലേറ്റ് അതോറിറ്റി, തിരുവനന്തപുരം
എല്ലാ MGNREGA ഓംബുഡ്സ്പേഴ്സൺമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ (ഐ &പി.ആർ.ഡി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 01-03-2024 14:31:09
സെക്ഷൻ ഓഫീസർ

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്